# ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ നിയമ വ്യവസ്ഥകൾ പാലിക്കാതിരിക്കൽ, മേൽനോട്ടത്തിലൂടെയുള്ള നിയന്ത്രണത്തിന്റെ അഭാവം, നിഷ്ക്രിയമായ മുതൽമുടക്ക്, നിഷ്ഫല ചെലവ് എന്നിങ്ങനെ ₹22.94 കോടിയുടെ സാമ്പത്തിക മൂല്യമുള്ള ദൃഷ്ടാന്തങ്ങൾ അടങ്ങിയ രണ്ട് വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും മൂന്ന് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

## വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

### *സംയോജിത ശിശു സംരക്ഷണ പദ്ധതിയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും നടപ്പാക്കൽ*

സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്) എന്നത് 2009-10 വർഷത്തിൽ വനിതാ ശിശുവികസന മന്ത്രാലയത്തിൻ കീഴിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നു. കുട്ടികൾക്ക് സ്ഥാപനപരമായ, കുടുംബപരമായ, സാമൂഹ്യാധിഷ്ഠിതമായ ശ്രദ്ധ ലഭ്യമാക്കുന്നതിനും അവരെ വശംവദരാക്കുന്ന സാഹചര്യങ്ങൾ, ദ്രോഹം, ദുരുപയോഗം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനായുള്ള പ്രതിരോധ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യം വച്ചു. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം നടപ്പാക്കാനുള്ള സാമ്പത്തിക സഹായം ഐ.സി.പി.എസ് ലഭ്യമാക്കുന്നു.

കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള ചട്ടങ്ങൾ സംസ്ഥാനം രൂപീകരിച്ചിട്ടില്ലെന്നും, ഇത് നിയമത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കണമെന്ന നിയമത്തിലെ വ്യവസ്ഥയുടെ ലംഘനമാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. 2023 മാർച്ച് വരെ, തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിലെ 165 ശിശു പരിപാലന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. പുതുക്കേണ്ടതായ മിക്ക കേസുകളിലും, ഡിസിപിയു-വിന്റെ ഭാഗത്ത് നിന്നുമുണ്ടായ കാലതാമസം മൂലം, അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റുമാർക്ക് കൈമാറുന്നതിൽ കാലതാമസം സംഭവിച്ചുവെന്നും ഇത് ജില്ലാ മജിസ്ട്രേറ്റുമാരുടെ പരിശോധനകൾ നടത്തുന്നത് വൈകിപ്പിച്ചതായും ഓഡിറ്റ് ശ്രദ്ധിച്ചു. ശിശു പരിപാലന സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് ഇന്നുവരെ (2024 ഫെബ്രുവരി) നടത്തിയിട്ടില്ല. ജുവനൈൽ ജസ്റ്റിസ് ബോർഡുകൾക്കും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ യഥാക്രമം 364 ദിവസത്തെയും 447 ദിവസത്തെയും കാലതാമസം ഉണ്ടായി. ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും തീരുമാനങ്ങളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ, അവ തയ്യാറാക്കുന്നതിലെ കാലതാമസം കുട്ടിക്ക് അനുകൂലമല്ലാത്ത ഫലങ്ങൾ ഉണ്ടാക്കും.

തെരഞ്ഞെടുത്ത 17 ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ഒന്നും തന്നെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പോലെ വ്യക്തിഗത പരിചരണ പദ്ധതികൾ അപ്ഡേറ്റ് ചെയ്തിരുന്നില്ല. പ്രത്യേക ആവശ്യങ്ങളുള്ള/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ

ഈ കുട്ടികൾക്കായി നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളിലാണ് പാർപ്പിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ പരിശോധിച്ച സിഡബ്ല്യുസികളിൽ ഒന്നിലും മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, മദ്യം എന്നിവയിൽ നിന്ന് വിമുക്തരാക്കേണ്ട കുട്ടികൾക്ക് പ്രത്യേക പരിചരണവും ചികിത്സയും നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടായിരുന്നില്ല. കൂടാതെ, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണം/ചികിത്സ/ പുനരധിവാസം എന്നിവയ്ക്കായി പ്രത്യേക വിഭാഗങ്ങൾ ഉണ്ടായിരുന്നില്ല, തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം ലഹരിക്ക് അടിമകളായവരെയും പാർപ്പിക്കേണ്ടിവന്നു, ഇത് അഭികാമ്യമായ രീതിയായിരുന്നില്ല. തെരഞ്ഞെടുത്ത ജില്ലകളിൽ, ഐസിപിഎസ് മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നതുപോലെ ഔട്ട്റീച്ച് പ്രവർത്തകർ ഫോസ്റ്റർ കുടുംബങ്ങളെ സന്ദർശിച്ചിരുന്നില്ല. കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാതെ വിടുതൽ ഉത്തരവുകൾ പുറപ്പെടുവിച്ച് താമസം അവസാനിപ്പിച്ച സിസിഐകളിൽ നിന്നുള്ള കുട്ടികൾ ദീർഘകാലം ഹാജരാകാതിരുന്ന സംഭവങ്ങളുണ്ടായി. ഈ കുട്ടികളുടെ ദുർബലമായ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഓവർസ്റ്റേ കാലയളവിൽ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ, കുട്ടിയുടെ സുരക്ഷയുടെ കാര്യത്തിൽ സി.സിഐ/സി.ഡബ്ല്യു.സി/ജെ.ജെ.ബി/ സർക്കാർ എന്നിവയ്ക്ക് നിയമപരമായി സങ്കോചമുണ്ടാക്കുന്ന അവസ്ഥയിലായേക്കാം. തെരഞ്ഞെടുത്ത ജില്ലകളിൽ ദത്തെടുത്ത മാതാപിതാക്കളുടെ വിശദാംശങ്ങൾ അടങ്ങിയ ഹോം സ്റ്റഡി റിപ്പോർട്ടുകൾ (എച്ച്.എസ്.ആറുകൾ) യഥാസമയം തയ്യാറാക്കി അപ്‌ലോഡ് ചെയ്തിട്ടില്ല.

സംസ്ഥാനത്തെ 14 സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളിൽ (എസ്.എ.എ) രണ്ടെണ്ണത്തിൽ മാത്രമേ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സ്വീകരിക്കുന്നതിനായി തൊട്ടിലുകൾ സ്ഥാപിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ) നടത്തിയ പരിശോധന 49 മുതൽ 275 ദിവസം വരെ കാലതാമസം നേരിട്ടു, ഇത് കുട്ടിയെ ദത്തെടുക്കാൻ നിയമപരമായി സ്വാതന്ത്ര്യമുള്ളതായി പ്രഖ്യാപിക്കുന്നതിന് തടസ്സമായി. പരിശോധന നടത്തിയ ജില്ലകളിൽ ദത്തെടുക്കലിന് ശേഷമുള്ള തുടർനടപടികളിൽ കാലതാമസം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. നിർദ്ദേശിച്ച പ്രകാരം ദത്തെടുക്കലിന് ശേഷമുള്ള തുടർനടപടികൾ നടത്താത്തതിനാൽ, ദത്തെടുക്കപ്പെട്ട കുട്ടിക്ക് ദത്തെടുക്കുന്ന മാതാപിതാക്കളുമായി യോജിച്ചുപോകാൻ പ്രശ്നങ്ങൾ ഉണ്ടോ എന്ന് ആനുകാലികമായി വിലയിരുത്താൻ കഴിഞ്ഞില്ല. തിരുവനന്തപുരത്തെ എസ്.എ.എ-യിൽ, ദത്തെടുക്കൽ ഫീസായി ലഭിച്ച ₹16.91 ലക്ഷം ശമ്പളച്ചെലവുകൾക്കായി വകമാറ്റിയതായി ശ്രദ്ധയിൽപ്പെട്ടു.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെക്കുറിച്ചുള്ള അന്വേഷണ പ്രക്രിയ പൂർത്തിയാക്കുന്നതിലെ കാലതാമസം ഓഡിറ്റിൽ കണ്ടെത്തി, ഇത് ജെജെബി കൈകാര്യം ചെയ്യുന്ന കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസത്തിലേക്ക് നയിച്ചു. ജെജെബി അന്വേഷണ പ്രക്രിയ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒരു സിസിഎൽ നടത്തുന്ന വിചാരണ കാലയളവ് അനാവശ്യമായി നീട്ടുന്നതിന് കാരണമാകും, ഇത് അന്തസ്സോടെ ജീവിക്കാനുള്ള കുട്ടിയുടെ അവകാശത്തിന്റെ പേരിൽ സ്വീകാര്യമല്ല. ബാലവേല, ബാലഭിക്ഷാടനം, ബാലക്കടത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ രക്ഷിക്കുന്നതിനായി, ആഴ്ചയിൽ കുറഞ്ഞത് മൂന്ന് തവണയെങ്കിലും രക്ഷാപ്രവർത്തനങ്ങൾ നടത്താൻ ഡിസിപിഒമാർക്ക് നിർദ്ദേശം നൽകി (2020 സെപ്റ്റംബർ). എന്നിരുന്നാലും, തെരഞ്ഞെടുത്ത ജില്ലകളിൽ, 2021 മുതൽ 2023 വരെ

നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ എണ്ണം ലക്ഷ്യമിട്ട 156 എണ്ണത്തേക്കാൾ വളരെ കുറവായിരുന്നു. നാല് കുട്ടികൾക്ക് കേന്ദ്ര, സംസ്ഥാന സ്പോൺസർഷിപ്പുകൾ ഒരുമിച്ചു നൽകിയത് കേന്ദ്ര/സംസ്ഥാന സ്പോൺസർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായിരുന്നു. പട്ടികജാതി (എസ്‌സി)/ പട്ടികവർഗ്ഗ (എസ്ടി) വികസന വകുപ്പിൽ നിന്ന് ഇതിനകം സാമ്പത്തിക സഹായം ലഭിച്ചിരുന്ന 56 എസ്‌സി വിദ്യാർത്ഥികൾക്കും ആറ് എസ്ടി വിദ്യാർത്ഥികൾക്കും സംസ്ഥാന സ്പോൺസർഷിപ്പ് നൽകിയത് ₹20.78 ലക്ഷത്തിന്റെ അനർഹമായ ധനസഹായം നൽകിയതിനിടയാക്കി.

തെരഞ്ഞെടുത്ത 17 സിസിഐകളിൽ, നിശ്ചിത എണ്ണമായ 340 പരിശോധനകൾ നടത്തേണ്ടിയിരുന്നെങ്കിലും, ഓഡിറ്റ് കാലയളവിൽ എസ്ഐഎസി ആറ് പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് വെറും രണ്ട് ശതമാനം മാത്രമാണ്. കൂടാതെ, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്ത് കുട്ടികൾക്കായുള്ള താമസ സൗകര്യങ്ങളിൽ സിഡബ്ല്യുസി ഒരു പരിശോധനയും നടത്തിയിട്ടില്ല, അതേസമയം വയനാട്ടിൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പരിശോധനകളുടെ എണ്ണം ഏഴ് മുതൽ 15 വരെയാണ്. സിഡബ്ല്യുസികൾ പരിശോധനകൾ നടത്താത്തത് സിസിഐകളിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സാദ്ധ്യതയെ പ്രതികൂലമായി ബാധിക്കും. ₹2.67 ലക്ഷം ചിലവിൽ സി-ഡിറ്റ് വികസിപ്പിച്ചെടുത്ത, ചൈൽഡ് പ്രൊട്ടക്ഷൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (സിപിഎംഐഎസ്) 2024 മാർച്ച് ആയിട്ടും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശകൾ:**

- ജെ.ജെ.ബി-കളിലും സി.ഡബ്ല്യു.സി-കളിലും എത്തുന്ന കുട്ടികൾക്കും കുടുംബങ്ങൾക്കും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടതായ സൗകര്യങ്ങളോടെ സുരക്ഷിത താമസസൗകര്യം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സാധാരണ കുട്ടികളോടൊപ്പം മാനസിക രോഗമുള്ള കുട്ടികളെയും, മയക്ക് മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ടുന്ന കുട്ടികളെയും ഒരുമിച്ച് താമസിപ്പിക്കുന്നത് അനുവദിക്കുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സി.സി.ഐ.-കളിൽ ക്രമമായ സന്ദർശനങ്ങൾ സി.ഡബ്ല്യു.സി നടത്തുകയും ഫോസ്റ്റർ കെയറിൽ ഉള്ള കുട്ടികൾ സുരക്ഷിതവും സുഖകരവുമായ ജീവിതം നയിക്കുന്നു എന്ന് ഉറപ്പ് വരുത്താനായി ഫലപ്രദമായ തുടർനടപടികൾ എടുക്കേണ്ടതുമാണ്.
- കുഞ്ഞുങ്ങളുടെ സുരക്ഷിതമായ ഉപേക്ഷിക്കലിനായി, ചട്ടത്തിൽ നിഷ്കർഷിക്കുന്നത് പോലെ ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കണം.
- ഐ.സി.പി.എസിൽ നിന്ന് സ്പോൺസർഷിപ്പ് കിട്ടുന്ന കുട്ടികൾക്ക് എസ്.സി./എസ്.റ്റി. വികസന വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്ന് വകുപ്പ് ഉറപ്പ് വരുത്തണം.

***(ഖണ്ഡിക 2.1)***

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ നടപ്പാക്കൽ

2013 സെപ്റ്റംബറിൽ മാനവ വിഭവശേഷി വികസന മന്ത്രാലയം (എംഎച്ച്ആർഡി) ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ). ഈ പദ്ധതി XII, XIII പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും അതു നിരീക്ഷിക്കുന്നതിനുമുള്ള മതിയായ ശേഷി വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങളെ പ്രാപ്തമാക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതായിരുന്നു റൂസയുടെ പ്രധാന ലക്ഷ്യം. 2013-17 കാലയളവിൽ റൂസ 1.0, 2018-22 കാലയളവിൽ റൂസ 2.0 എന്നീ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്.

റൂസ മാർഗ്ഗനിർദ്ദേശങ്ങളിൽ (2013 സെപ്റ്റംബർ) വിവരിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനായി 2007-ലെ കേരള ഉന്നത വിദ്യാഭ്യാസ നിയമത്തെ (ആക്ട്) ഭേദഗതി ചെയ്തത് അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം 2018 ജൂലൈയിൽ മാത്രമാണ്. ഭേദഗതി ചെയ്ത നിയമത്തിലെ ചില വ്യവസ്ഥകൾ റൂസ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഉദാഹരണത്തിന്, റൂസ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, കൗൺസിലിന്റെ ചെയർമാൻ തെളിയിക്കപ്പെട്ട നേതൃഗുണങ്ങളുള്ള ഒരു പ്രമുഖ അക്കാദമിക്/പൊതു ബുദ്ധിശാലിയായിരിക്കണം. എന്നാൽ ഭേദഗതി ചെയ്ത നിയമത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ മന്ത്രിയെയാണ് കൗൺസിൽ ചെയർമാനായി പരിഗണിക്കുന്നത്.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി (എസ്എച്ച്ഇപി) തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. ഉന്നതവിദ്യാഭ്യാസത്തിലെ പ്രവേശനം, തുല്യത, മികവ് എന്നിവയിൽ നിർണ്ണായകമായ ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ഒരു അടിസ്ഥാന സർവ്വേ സംസ്ഥാനം എസ്.എച്ച്.ഇ.പി. രൂപീകരിക്കുന്നതിന് മുമ്പ് നടത്തിയിരുന്നില്ല. തെരഞ്ഞെടുത്ത ഏഴ് സ്ഥാപനങ്ങളിൽ ഡിപിആർ സമർപ്പിക്കാൻ 347 ദിവസം മുതൽ 4 ½ വർഷം വരെ കാലതാമസം ഉണ്ടായിരുന്നു. പദ്ധതിയുടെ വ്യാപ്തി സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ജിഒകെയുടെ തീരുമാനം നാക് അക്രഡിറ്റേഷനുള്ള 166 സർക്കാർ എയ്ഡഡ് കോളേജുകളെ റൂസ 1.0 ലേക്ക് പരിഗണിക്കുന്നതിൽ നിന്ന് തടഞ്ഞു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് (കെഎസ്എച്ച്ഇസി) ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം സർക്കാർ ഒഴുവാക്കിയതു മൂലം റൂസ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചു. സംസ്ഥാന പ്രോജക്ട് ഡയറക്ടറിന്(എസ്പിഡി) സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ 19 മുതൽ 359 ദിവസം വരെ കാലതാമസമുണ്ടായി.

സംസ്ഥാനം ഫിസിക്കൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രോജക്ട് അപ്രൂവൽ ബോർഡിന് സമർപ്പിക്കാൻ വൈകിയത് മൂലം കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അവസാന ഗഡു സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. 2018-23 കാലയളവിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള യഥാർത്ഥ ചെലവ് സംസ്ഥാനത്തെ ജിഎസ്ഡിപിയുടെ 0.44 ശതമാനം മുതൽ 0.51 ശതമാനം വരെയാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി പ്രകാരം വിഭാവനം ചെയ്തതുപോലെ, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ചെലവ് സർക്കാർ വർദ്ധിപ്പിച്ചില്ല.

ഒറിജിനൽ ഡിപിആർ അംഗീകരിച്ച് മൂന്ന് വർഷത്തിന് ശേഷവും, നടപ്പിലാക്കേണ്ട പദ്ധതിയെക്കുറിച്ച് തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിന് തീരുമാനമെടുക്കാൻ കഴിഞ്ഞില്ല, പകരം, ഒന്നിലധികം പ്രവൃത്തികൾ പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനാൽ അനുവദിച്ച ഫണ്ട്

വിനിയോഗിക്കാതെ അവശേഷിച്ചു. വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങളുടെ സംയോജനം പൂർത്തീകരിക്കുന്നത് 31 സ്ഥലങ്ങളിൽ ഉറപ്പുവരുത്താതെ എസ്പിഡി മുഴുവൻ തുകയും കെൽട്രോണിലേക്ക് അടച്ചതുമൂലം ₹1.24 കോടിയുടെ ചെലവ് നിഷ്ഫലമായി. വയനാട് ജില്ലയിൽ ഒരു ന്യൂ മോഡൽ ഡിഗ്രി കോളേജ് (എൻഎംഡിസി) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക്, 2018 ജൂലൈയിൽ അംഗീകാരം ലഭിച്ചെങ്കിലും നിർമ്മാണ പദ്ധതി 2024 ഫെബ്രുവരി ആയിട്ടും ആരംഭിച്ചില്ല, അതായത്, അഞ്ചു വർഷം പിന്നിട്ടതിന് ശേഷവും സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രോജക്ടുകൾ ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളോ, നടപ്പിലാക്കാൻ സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികളോ ആയിരുന്നില്ല. ഇത് കൂടാതെ, കണ്ണൂർ സർവകലാശാല സെമിനാർ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർവകലാശാലയുടെ സിൻഡിക്കേറ്റ്, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് അധിക മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചും ജോലി പൂർത്തിയാക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്ക് അന്യായമായി നീട്ടിക്കൊടുത്തും കരാറുകാരനോട് അനാവശ്യമായ പ്രീതി കാണിച്ചു. റൂസ ഫണ്ടിൽ നിന്ന് ₹5.13 കോടി ചെലവഴിച്ചിട്ടും 2019 ജൂൺ മുതൽ ഏകദേശം അഞ്ച് വർഷം കഴിഞ്ഞിട്ടും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ കണ്ണൂർ സർവകലാശാലയിലെ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ സെന്റർ അഞ്ച് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ സെന്ററിൽ സ്ഥാപിക്കുന്നതിനായി ₹2.20 കോടിയ്ക്ക് വാങ്ങിയ നാല് ഉപകരണങ്ങൾ സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ വകുപ്പ് മേധാവികളുടെ പക്കൽ ആണ്. കാലടി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഓഡിറ്റോറിയത്തിന്റെ നിർമ്മാണം ഫണ്ട് കൈമാറി അഞ്ച് വർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല.

പ്രവേശനം, തുല്യത, ഗുണനിലവാരം എന്നീ പ്രശ്നങ്ങൾ തുല്യമായ രീതിയിൽ പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനാണ് റൂസ ലക്ഷ്യമിട്ടത്. നിലവിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി ഭിന്നശേഷി സൗഹൃദവും തടസ്സരഹിത അന്തരീക്ഷവുമാക്കി മാറ്റുന്നത് പോലെയുള്ള തുല്യതാപ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ, നഷ്ടം സംഭവിച്ചതും പാർശ്വവത്കരിക്കപ്പെട്ടതുമായ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ സ്വാധീനമുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നിരുന്നാലും പരിശോധന നടത്തിയ 16 സ്ഥാപനങ്ങളിൽ നാല് സ്ഥാപനങ്ങൾ മാത്രമാണ് പ്രത്യേക ടോയ്‌ലറ്റുകൾ, എലിവേറ്ററുകൾ, റാംപുകൾ തുടങ്ങി ₹239 ലക്ഷത്തിന്റെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയത്. അങ്ങനെ, റൂസ യുടെ കീഴിലുള്ള ഘടകങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പരിഗണനയേ നൽകിയിരുന്നുള്ളു.

തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ബോർഡ് ഓഫ് ഗവർണർമാരുടെയും പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെയും രൂപീകരണം നടക്കാത്തത് സ്ഥാപന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അവലോകനം ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും മുൻഗണന നൽകുന്നില്ല എന്നതിന്റെ തെളിവാണ്. 2024 ജനുവരിയിൽ നടത്തിയ റൂസ വെബ്സൈറ്റിലെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഓഡിറ്റ് വിശകലനത്തിൽ, ധനസഹായം ലഭിച്ച 157 സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് പദ്ധതി നടത്തിപ്പിന്റെ നിലയെക്കുറിച്ചുള്ള വിവരങ്ങൾ ജിയോ ടാഗ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. ഇത് സൂചിപ്പിച്ചത് വെബ് അധിഷ്ഠിത നിരീക്ഷണ സംവിധാനത്തിന്റെ സാധ്യതകൾ സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്ന വസ്തുതയാണ്. 2018-23 വരെയുള്ള ഓഡിറ്റ് കാലയളവിൽ,

തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ നിയമിച്ച അതിഥി/കരാർ അധ്യാപകരുടെ എണ്ണം യുജിസി മാനദണ്ഡങ്ങളിൽ വ്യക്തമാക്കിയ 10 ശതമാനത്തിനു പകരം 42 മുതൽ 47 ശതമാനം വരെയാണ്. റൂസ 1.0-ന്റെ മുൻവ്യവസ്ഥകളും റൂസ 2.0-ന്റെ ലക്ഷ്യങ്ങളും പൂർണ്ണമായി കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചില്ല.

**ശിപാർശകൾ:** സംസ്ഥാന സർക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്:

- വെബ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്ന എല്ലാ പ്രവൃത്തികളും ജിയോ ടാഗ് ചെയ്യുക.
- കേന്ദ്ര സർക്കാരുമായുള്ള ധാരണാപത്രം അനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് ജിഎസ്ഡിപിയുടെ രണ്ട് ശതമാനമായി ഉയർത്തുക.
- സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി മാനദണ്ഡങ്ങൾക്കനുസൃതമായി അധ്യാപക തസ്തികകളിലേക്കുള്ള ജീവനക്കാരുടെ നിയമനം നടത്തുക.
- ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി റൂസയുടെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും നീണ്ട കാലതാമസം വന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്.

***(ഖണ്ഡിക 3.1)***

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി കേരള സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ ഭരണപരമായ മേൽനോട്ടം, ഒത്തൊരുമിച്ചുള്ള പ്രവർത്തനം എന്നതിന്റെ അഭാവത്താൽ, സർക്കാർ പണത്തിന്റെ അപഹരണം, കെട്ടിടങ്ങളിലുള്ള നിഷ്ഫല ചെലവ്, നിഷ്ക്രിയ നിക്ഷേപം മുതലായ കാരണങ്ങൾ കൊണ്ട് ഉപയോഗിക്കാതിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ ചെയ്യതിന്റെ സന്ദർഭങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

***പണാപഹരണം***

- നിയമവ്യവസ്ഥകൾ പാലിക്കാത്തതും, മേൽനോട്ടനിയന്ത്രണങ്ങളുടെ അഭാവവും തിരുവനന്തപുരം വലിയതുറയിലെ നാളികേര നഴ്സറിയിൽ ₹1.28 ലക്ഷത്തിന്റെ ധനാപഹരണത്തിനു കാരണമായി.

  ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതും, ഉചിതമായ അക്കൗണ്ട് ശീർഷകങ്ങളിലേക്കുള്ള കൃത്യമായ അടവുകളിലും ഉണ്ടായ വ്യവസ്ഥാപരമായ പോരായ്മകളും, ഒരു ഉദ്യോഗസ്ഥൻ തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ സ്ഥിരീകരിക്കുന്നതിലും സാക്ഷ്യപ്പെടുത്തുന്നതിലുമുള്ള ഗുരുതരമായ വീഴ്ചയും നാളികേര നഴ്സറിയിലെ ധനാപഹരണത്തിലേക്ക് നയിച്ചു. കൂടാതെ, അപഹരിച്ച തുക, ബന്ധപ്പെട്ട അധികൃതർ, സർക്കാർ തുകകൊണ്ട് തിരിച്ചടച്ചത് ദുർബ്ബലമായ ആന്തരിക നിയന്ത്രണത്തെ സൂചിപ്പിക്കുന്നു.

**ശിപാർശ:**

കേരള ട്രഷറി കോഡിലും കേരള ഫിനാൻഷ്യൽ കോഡിലും ഉള്ള നിയമവ്യവസ്ഥകൾ ദൈനംദിന പണമിടപാടുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഓഫീസ് മേലധികാരികൾ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരത്തണം. ധനാപഹരണം ഒഴിവാക്കുന്നതിനായി ദുർബ്ബലമായ ആന്തരിക നിയന്ത്രണ സംവിധാനങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടതാണ്.

***(ഖണ്ഡിക 4.1)***

***നിഷ്ഫല ചെലവ്***

- കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ ഏകോപനമില്ലായ്മയും, കാര്യക്ഷമമായ നിരീക്ഷണത്തിന്റെ അഭാവവും മൂലം രണ്ടു കെട്ടിടങ്ങൾക്കായി ₹15.03 കോടിയുടെ നിഷ്ഫലമായ ചെലവും, ഉപകരണങ്ങൾക്കായി ₹5.05 കോടിയുടെ നിഷ്ക്രിയ നിക്ഷേപവും ഉണ്ടായി.

***(ഖണ്ഡിക 4.2)***

- വട്ടവടയിൽ ₹2.45 കോടി ചെലവിൽ ഗതാഗത യോഗ്യമായ റോഡില്ലാതെ, അനുയോജ്യമല്ലാത്ത സ്ഥലത്ത് സ്ഥാപിച്ച കാർഷിക മാർക്കറ്റ് സമുച്ചയം ഉദ്ഘാടനം കഴിഞ്ഞ് നാല് വർഷം പിന്നിട്ടിട്ടും പ്രവർത്തനരഹിതമാണ്.

***(ഖണ്ഡിക 4.3)***